**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 559** **21-03-2023 - ൽ മറുപടിയ്ക്ക്**

**തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷയ്ക്കായുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ എം രാജഗോപാലൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷയുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | തൊഴിൽ വകുപ്പിന്റെ കീഴിൽ നിലവിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നു. ഈ ബോർഡുകളിൽ അംഗങ്ങളാകുന്ന തൊഴിലാളികൾക്ക് അവരുടെ അർഹതയ്ക്കനുസരിച്ച് പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ധനസഹായം എന്നിവ നൽകുന്നുണ്ട്. കൂടാതെ കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് അതി വർഷാനുകൂല്യം നൽകി വരുന്നു. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് കുടുംബ പെൻഷൻ, അപകട ചികിത്സാ ധനസഹായം, സ്വയം വിരമിക്കൽ പെൻഷൻ എന്നിവ നൽകുന്നുണ്ട് കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡും കേരള ചുമട്ടു തൊഴിലാളി ക്ഷേമബോർഡും റിട്ടയർമെന്റ് ആനുകൂല്യം നൽകുന്നുണ്ട്. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് അവശതാ പെൻഷൻ, കുടുംബ പെൻഷൻ, അബോർഷൻ ധനസഹായം എന്നിവ നൽകി വരുന്നു. കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് കുടുംബ പെൻഷൻ, മരണാനന്തര ചെലവ് എന്നിവ നൽകിവരുന്നു. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ മൂന്നു ബോർഡുകൾ സാമ്പത്തിക താങ്ങൽ പദ്ധതി പ്രകാരമുള്ള ആനുകൂല്യം നൽകുന്നുണ്ട്. |
| (ബി) | പരമ്പരാഗത തൊഴിൽ മേഖലയിലെ തൊഴിലാളികൾക്ക് ഈ സർക്കാരിന്റെ കാലയളവിൽ നൽകിയിട്ടുള്ള ആകെ ധനസഹായം എത്രയായിരുന്നു; വിശദമാക്കുമോ; | (ബി) | പരമ്പരാഗത തൊഴിൽ മേഖലയിലെ തൊഴിലാളികൾക്ക് വിവിധ ക്ഷേമബോർഡുകൾ വഴി ചുവടെ ചേർക്കും പ്രകാരമുള്ള ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **<u>കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**<br><br>കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ഈ സർക്കാരിന്റെ കാലയളവിൽ ആകെ 30,51,84,000/- രൂപ ധനസഹായം നൽകിയിട്ടുണ്ട്.<br><br>**<u>കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**<br><br>കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ഈ സർക്കാരിന്റെ കാലയളവിൽ ആകെ 30,04,75,384/- രൂപ ധനസഹായം നൽകിയിട്ടുണ്ട്.<br><br>**<u>കേരള കശുവണ്ടിത്തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്</u>**<br><br>കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ നിന്നും ഈ സർക്കാരിന്റെ കാലയളവിൽ ആകെ 202,49,66,944/- രൂപ ധനസഹായം നൽകിയിട്ടുണ്ട്.<br><br>**<u>കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**<br><br>കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ഈ സർക്കാരിന്റെ കാലയളവിൽ ആകെ 5,23,69,000/- രൂപ ധനസഹായം നൽകിയിട്ടുണ്ട്.<br><br>**<u>കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്</u>**<br><br>കേരള സംസ്ഥാന അസംഘടിത തൊഴിലാളി മേഖലയിലെ (പരമ്പരാഗത തൊഴിലായ കൈ തൊഴിലാളി, അലക്ക്, ബാർബർ തൊഴിലാളി, ക്ഷേത്ര ജീവനക്കാർ ഉൾപ്പെടെ) തൊഴിലാളികൾക്ക് വിവിധയിനത്തിലുള്ള ആനുകൂല്യ ധനസഹായമായി ഈ സർക്കാരിന്റെ കാലയളവിൽ 58,97,68,636/- രൂപ നൽകിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് അതിഥി തൊഴിലാളികളുടെ ക്ഷേമത്തിനായി പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ? | (സി) | സംസ്ഥാനത്തെ അതിഥി തൊഴിലാളികളുടെ ക്ഷേമത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.<br><br>**1) <u>അതിഥി തൊഴിലാളികൾക്ക് ഇൻഷുറൻസ് പദ്ധതി (ആവാസ്)</u>**<br><br>സംസ്ഥാനത്ത് അതിഥിത്തൊഴിലാളികളുടെ ക്ഷേമത്തിനായി ആവാസ് പദ്ധതി നിലവിലുണ്ട്. |

കേരളത്തിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിനായി 2017-ലാണ് ആവാസ് പദ്ധതി ആരംഭിച്ചത്. വിവരശേഖരണം, രജിസ്ട്രേഷൻ, ആരോഗ്യ ഇൻഷുറൻസ്, തിരിച്ചറിയൽ കാർഡ് വിതരണം എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. 18നും 60നും ഇടയിൽ പ്രായപരിധിയുള്ളതിൽ കേരളത്തിലെത്തി വിവിധ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. രജിസ്റ്റർ ചെയ്ത അംഗങ്ങൾക്ക് ചിസ്-പ്ലസ് എംപാനൽ ചെയ്ത സർക്കാർ ആശുപത്രികളിൽ 25,000/- രൂപ വരെ കിടത്തി ചികിത്സാ സൗകര്യം ലഭിക്കും. പ്രസവവുമായി ബന്ധപ്പെട്ട ചികിത്സ ഉൾപ്പെടെ ഇതിന് കീഴിലാണ്. രജിസ്റ്റർ ചെയ്ത അംഗങ്ങൾക്ക് 2 ലക്ഷം രൂപയുടെ അപകട മരണ ഇൻഷുറൻസും ഒരു ലക്ഷം രൂപ വരെയുള്ള വൈകല്യ ഇൻഷുറൻസും ലഭിക്കും. രജിസ്റ്റർ ചെയ്ത അംഗങ്ങൾക്ക് നൽകുന്ന തിരിച്ചറിയൽ കാർഡ് ആധാർ കാർഡിന്റെ മാതൃകയിലുള്ള ഒരു മൾട്ടി പർപ്പസ് യൂണിക് ഇൻഷുറൻസ് ലിങ്ക്ഡ് കാർഡാണ്. M/s. സ്മാർട്ട് ഐടി സർവീസ് പ്രൈവറ്റ് ലിമിറ്റഡ് മുഖേനയാണ് ആവാസ് പദ്ധതി നടപ്പിലാക്കുന്നത്. ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) കൺവീനറായും ഒരു ജില്ലാതല നിരീക്ഷണ സമിതി പ്രവർത്തിക്കുന്നു. ജില്ലാ മെഡിക്കൽ ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ പോലീസ് മേധാവി, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഗ്രേഡ്-I ഇൻസ്പെക്ടർ എന്നിവരാണ് സമിതിയിലെ അംഗങ്ങൾ. ചികിത്സാ പാക്കേജും ചികിത്സയുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളും തീരുമാനിക്കാൻ ഒരു സാങ്കേതിക സമിതി പ്രവർത്തിക്കുന്നു. ചിയാക് വഴിയാണ് ചികിത്സാ ആനുകൂല്യം നടപ്പിലാക്കുന്നത്. ആവാസ് ഇൻഷുറൻസ് കാർഡ് 2017 നവംബർ 1 മുതൽ വിതരണം ചെയ്തു. 516320 അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളികൾ 31/8/2022 വരെ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

2) **<u>അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി 2010</u>**

അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി കേരള കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴിയാണ് നടപ്പിലാക്കുന്നത്. കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗത്വം നേടുന്നവർക്ക് പദ്ധതിയിൽ വിഭാവനം

ചെയ്തിട്ടുള്ള പ്രകാരം താഴെ പറയുന്ന ആനുകൂല്യങ്ങൾ നൽകി വരുന്നു.

മരണാനന്തര ധനസഹായമായി 25,000/- രൂപ നൽകുന്നു. കേരള സംസ്ഥാനത്തിനകത്ത് തൊഴിലിൽ ഏർപ്പെട്ടിരിക്കെ മരണമടയുന്ന ഏതൊരു കുടിയേറ്റ തൊഴിലാളിക്കും 2 ലക്ഷം രൂപ മരണാനന്തര ആനുകൂല്യം നൽകുന്നു. ജോലിക്കിടെ അപകടം മൂലം പരിക്കേൽക്കുന്ന അംഗത്തിനും സ്ഥായിയായി അവശത അനുഭവിക്കുന്ന അംഗത്തിനും ആശ്വാസ ധനസഹായം 25,000/- രൂപ വരെ നൽകുന്നു. ചികിത്സാ ധനസഹായം പരമാവധി 25,000/- രൂപ വരെയും, ആശുപത്രിയിലെ കിടത്തി ചികിത്സയ്ക്ക് പരമാവധി 20,000/- രൂപ വരെയും അനുവദിക്കുന്നതാണ്. ടെർമിനൽ ബെനിഫിറ്റ് ആയി കുറഞ്ഞത് 25,000/- രൂപയും പരമാവധി 50,000/- രൂപയും, ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിന് ധനസഹായം പരമാവധി 50,000/- രൂപ വരെയും, പ്രസവകാലയളവിൽ അവർ ജോലി ചെയ്യുന്ന മേഖലകളിലെ സ്ത്രീ തൊഴിലാളികൾക്ക് 3 മാസത്തെ മിനിമം വേതനം നൽകുകയും ചെയ്യുന്നു.

**3) <u>ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്ക് താമസ സൗകര്യം പ്രദാനം ചെയ്യൽ (അപ്നാ ഘർ)</u>**

സംസ്ഥാനത്ത് എത്തുന്ന അതിഥി തൊഴിലാളികൾക്ക് വാടകയ്ക്ക് ചെലവ് കുറഞ്ഞ ഹോസ്റ്റൽ സൗകര്യം പ്രദാനം ചെയ്യുന്ന പദ്ധതിയാണിത്. പങ്കിട്ട മുറികൾ, ഒന്നിലധികം അടുക്കളകൾ, മെസ് ഏരിയകൾ, കുളിമുറികൾ, ടോയിലറ്റുകൾ, മലിനജല ശുദ്ധീകരണ പ്ലാന്റ്, മഴവെള്ള സംഭരണം, ഡീസൽ ജനറേറ്റർ ബാക്കപ്പ്, സിസിടിവി സംവിധാനങ്ങൾ, അഗ്നിശമന സംവിധാനം, പാർക്കിംഗ് സൗകര്യങ്ങൾ, വിനോദം എന്നിവയാണ് മറ്റ് സൗകര്യങ്ങൾ. പദ്ധതിയുടെ തുടർച്ചയ്ക്കായി 2023-24 ബഡ്ജറ്റിൽ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

4) **<u>ഗസ്റ്റ് വർക്കേഴ്സ് ഫ്രണ്ട്‌ലി റസിഡൻസ് ഇൻ കേരള (ആലയ്)</u>**

1971 ലെ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമത്തിന്റെ വ്യവസ്ഥകൾ പ്രകാരം അതിഥിത്തൊഴിലാളികൾക്ക് താമസസൗകര്യം നൽകുന്നതിനായി അവതരിപ്പിച്ച ഭവന പദ്ധതിയാണ് ആലയ്. ഈ പദ്ധതി പ്രകാരം അതിഥി തൊഴിലാളികൾക്ക് അടുക്കള, കിടപ്പുമുറി, വരാന്ത,

| | | | |
|---|---|---|---|
| | | | ശുചിമുറി എന്നിവ ഉൾപ്പെടെ 6.5 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള താമസസൗകര്യം ഒരുക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി സർക്കാർ നിയന്ത്രണത്തിലുള്ള വെബ് പോർട്ടൽ വഴി കെട്ടിട ഉടമകൾക്ക് വിശദമായ വിവരങ്ങൾ നൽകുകയും അതിഥി തൊഴിലാളികൾക്ക് വാടക നൽകി വാങ്ങുകയും ചെയ്യാം. നിലവിൽ കോട്ടയം ജില്ലയിലെ പായിപ്പാട്, എറണാകുളം ജില്ലയിലെ പെരുമ്പാവൂർ, പാലക്കാട് ജില്ലയിലെ പട്ടാമ്പി എന്നിവിടങ്ങളിലാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ